മലിനീകരണനിയന്ത്രണം

66(2054) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരീക്ഷ മലിനീകരണ തോത് മനസ്സിലാക്കുന്നതിനും മലിനീകരണം നിശ്ചിത അളവിൽ കൂടുന്നത് നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് പറയാമോ ;

(ബി) നിത്യജീവിതത്തിന്റെ ഭാഗമായിമാറിയ വൈവിധ്യമാർന്ന ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങി നമുക്കുചുറ്റും പുതുതായി കാണപ്പെടുന്ന ഓരോ ഉല്പന്നവും പ്രകൃതിക്ക് എത്രമാത്രം ദോഷം വരുത്തുന്നുവെന്നും, അതിലൂടെ മനുഷ്യന് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്നും പരിശോധിക്കപ്പെടുന്നുണ്ടോ ;

(സി) ഗൃഹോപകരണങ്ങൾ നല്ലൊരു ശതമാനവും നിലവാരം കുറഞ്ഞതും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായിരുന്നിട്ടും അവയുടെ ഉണനിലവാരം മെച്ചപ്പെടുത്തുന്നതിനും നിലവാരമില്ലാത്തവ കർശനമായി നിയന്ത്രിക്കുന്നതിനും വേണ്ട ഇടപെടൽ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന് 1981-ലെ വായു മലിനീകരണ നിവാരണ നിയന്ത്രണ നിയമം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുവഴി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. 1981-ലെ വായു നിയമപ്രകാരം ചിമ്മിനിവഴിയും അല്ലാതെയുമുള്ള ബഹിർഗമനങ്ങൾ നടത്തുന്നതിന് വ്യവസായശാലകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി നേടേണ്ടത് ആവശ്യമാണ്. ടി അനുമതി നൽകുന്നതിനുള്ള പരിശോധനകളിലും തുടർന്ന് നൽകുന്ന അനുമതി പത്രങ്ങളിലെ നിബന്ധനകളിലും മലിനീകരണ നിയന്ത്രണത്തിനുതകുന്ന നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇവ നടപ്പിലാക്കുന്നതുവഴി വായുവിലെ മാലിന്യ ഘടകങ്ങളുടെ അളവുകളിലെ നിയന്ത്രണവും പ്രാവർത്തികമാക്കുന്നു. വ്യവസായ സ്ഥാപനങ്ങളിൽനിന്നും പുറത്തുവിടുന്ന പാഴ്വസ്തുവിന്റെ ഉണനിലവാരം ബോർഡ് അനുമതി പത്രത്തിൽ വ്യവസ്ഥ ചെയ്യുന്നതിൻപ്രകാരമാണോ എന്നത് പരിശോധനകളിലൂടെ തിട്ടപ്പെടുത്താറുണ്ട്. പാഴ്വായുവിന്റെ നിർദ്ദിഷ്ട ഉണനിലവാരം കൈവരിക്കാൻ മതിയായ വായു മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. മലിനീകരണ സാധ്യതയുടെ തോതനുസരിച്ച് വ്യവസായശാലകളെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് (താരതമ്യേന മലിനീകരണ സാധ്യത കൂടുതലായുള്ളവയെ റെഡ് വിഭാഗത്തിലും ഇടത്തരം മലിനീകരണ സാധ്യതയുള്ളവയെ ഓറഞ്ച് വിഭാഗത്തിലും മലിനീകരണ സാധ്യത കുറഞ്ഞവയെ ഗ്രീൻ വിഭാഗത്തിലും പെടുത്തിയിരിക്കുന്നു) ഈ മൂന്ന് വിഭാഗങ്ങളിലുമുള്ള സ്ഥാപനങ്ങൾക്ക് അവയുടെ മുതൽമുടക്കിന്റെ അടിസ്ഥാനത്തിൽ വൻകിട, ഇടത്തരം, ചെറുകിട എന്നീ വിഭാഗങ്ങളിൽപ്പെടുത്തി ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപനാനുമതിയും തുടർന്ന് നൽകുന്ന പ്രവർത്തനാനുമതിയും പരിഗണിക്കുന്നവേളയിൽ മലിനീകരണനിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ദൂരപരിധി പാലിച്ചിട്ടുണ്ടോയെന്നും തൃപ്തികരമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും ഉറപ്പുവരുത്താറുണ്ട്.

മോട്ടോർ വാഹനങ്ങൾമൂലമുള്ള വായു മലിനീകരണം നിയന്ത്രിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള മോട്ടോർ വാഹന വകുപ്പ് മലിനീകരണം ലഘൂകരിക്കാനുള്ള ജാഗ്രതാ നടപടികൾ സ്വീകരിച്ചുവരുന്നു.

വായു ഗുണനിലവാര പരിശോധനയ്ക്കായി NABL അക്രഡിറ്റേഷനോടുകൂടിയ കേന്ദ്ര പരിശോധനാശാല എറണാകുളത്തും എല്ലാ ജില്ലാ ഓഫീസുകളോടും ചേർന്ന് ജില്ലാ പരിശോധനശാലയും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ബോർഡിന്റെ തന്നെ സ്റ്റേറ്റ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത എയർ സ്റ്റേഷനുകളിൽനിന്ന് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം പരിശോധിച്ചുവരുന്നു. എല്ലാ വർഷവും പരിസ്ഥിതി ദിനത്തിൽ (ജൂൺ 5) മേൽ പരിശോധനകളുടെ അടിസ്ഥാനത്തിൽ ബോർഡ് ജല-വായു ഗുണനിലവാര ഡയറക്ടറി പ്രസിദ്ധീകരിക്കുന്നുണ്ട്.

അന്തരീക്ഷ വായു ഗുണനിലവാരം പരിശോധിക്കുന്നതിനായുള്ള 30 തെരഞ്ഞെടുത്ത സ്റ്റേഷനുകളിൽ 20 എണ്ണം നഗര-പട്ടണ പ്രദേശങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്. സൾഫർഡൈയോക്സൈഡ്, ഓക്സൈഡ് ഓഫ് നൈട്രജൻ, Restorable Suspended Particulate Matter എന്നീ ഘടകങ്ങളാണ് High Volume Sampler ഉപയോഗിച്ചുള്ള പരിശോധനയിൽ അളക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം മുതൽ തിരുവനന്തപുരം പട്ടത്ത് ബോർഡിന്റെ ആസ്ഥാന ഓഫീസിൽ 24 മണിക്കൂറും തുടർച്ചയായി തത്സമയ വായു ഗുണനിലവാരം പരിശോധിക്കുന്ന ഒരു മോണിറ്ററിംഗ് സ്റ്റേഷൻ (കണ്ടിന്യൂവസ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷൻ) സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഈ ഉപകരണങ്ങളിൽനിന്നും ലഭിക്കുന്ന വായു ഗുണനിലവാര നിരീക്ഷണ ഫലങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്ക് പ്രദർശിപ്പിക്കുന്നതിനായി ആസ്ഥാന ഓഫീസിന്റെ മുമ്പിൽ ഒരു ഡിസ്പ്ലേ ബോർഡും സ്ഥാപിച്ചിട്ടുണ്ട്. Particulate Matter $(PM)_{10}$, $PM_{2.5}$, അമോണിയ (NH_3), ഓക്സൈഡ് ഓഫ് നൈട്രജൻ (NO_2), സൾഫർഡൈയോക്സൈഡ് (SO_2), ഓസോൺ (O_3), കാർബൺ മോണോക്സൈഡ് (CO) എന്നീ ഘടകങ്ങളാണ് തിരുവനന്തപുരത്തുള്ള സ്റ്റേഷനിൽ പരിശോധിക്കുന്നത്. ഇതുകൂടാതെ എറണാകുളം ജില്ലയിൽ ഏലൂർ വ്യവസായ മേഖലയിൽ അന്തരീക്ഷ വായു ഗുണനിലവാരം തത്സമയം പരിശോധിക്കുന്നതിനുള്ള ഉപകരണം പാതാളം ഇ.എസ്.ഐ. ആശുപത്രിയുടെ മുകളിൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. വായുവിലെ NH_3, NO_2, SO_2 എന്നീ ഘടകങ്ങളാണ് പരിശോധിക്കുന്നത്. ആയതിന്റെ പരിശോധനാ ഫലങ്ങൾ ഫാക്ട് ഉദ്യോഗമണ്ഡൽ ഓഫീസിന് മുമ്പിലുള്ള ഡിസ്പ്ലേ ബോർഡിൽ തൽസമയം പ്രദർശിപ്പിച്ചുവരുന്നു.

ഇതുകൂടാതെ വൈറ്റിലയിൽ വായു ഗുണനിലവാരം തുടർച്ചയായി അളന്ന് അപ്പപ്പോൾ പ്രദർശിപ്പിക്കാൻ ഒരു കണ്ടിന്യൂവസ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് ഡിസ്പ്ലേ സ്റ്റേഷൻ സ്ഥാപിക്കാൻ കൊച്ചി റിഫൈനറിയുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. എല്ലാ കോർപ്പറേഷൻ പ്രദേശങ്ങളിലും തുടർച്ചയായി അന്തരീക്ഷ വായു ഗുണനിലവാരം അളക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനായി ഉദ്ദേശിക്കുന്നു. കോഴിക്കോട് കോർപ്പറേഷനിൽ ഈ സംവിധാനത്തിനായുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ബി) വൈവിധ്യമാർന്ന ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പ്രത്യേകമായി അവലോകനം നടത്തിയിട്ടില്ല. ജൈവജീർണ്ണനീയവും അല്ലാത്തതുമായ ഖരമാലിന്യം വേർതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായരീതിയിൽ സംസ്കരിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

(സി) ഗൃഹോപകരണങ്ങളുടെ നിലവാരം സംബന്ധിച്ച പഠനം പരിസ്ഥിതി വകുപ്പ് നടത്തിയിട്ടില്ല. ഉപയോഗശേഷം ഉപേക്ഷിക്കപ്പെടുന്ന ഗൃഹോപകരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദകർവഴിതന്നെ തിരിച്ചെടുക്കുകയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കുകയോ ചെയ്യണമെന്നും പുനഃചംക്രമണ സാധ്യതയുള്ളവ അംഗീകൃത റീസൈക്ക്ളർ/ഡിസ്മാൻഡിലർവഴിയോ നിർമ്മാർജ്ജനം ചെയ്യണമെന്നുമാണ് സർക്കാരിന്റെ നിലപാട്. സംസ്ഥാനത്തെ ഇ-മാലിന്യ (E-Wastes) പ്രശ്നത്തിൽ സ്വീകരിക്കേണ്ട നടപടികൾ വ്യവസ്ഥ ചെയ്തുകൊണ്ട് 1-1-2014-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇ-മാലിന്യത്തിന് കാരണമാകുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കമ്പനികൾ അത്തരം മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയോ അംഗീകൃത ഏജൻസിവഴി ഈ പ്രവർത്തനം ചെയ്യുന്നതിന് നടപടി എടുക്കുകയോ ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ്/അനുമതി നൽകുമ്പോൾത്തന്നെ ലൈസൻസ്/അനുമതി നൽകുന്നവർ ഇക്കാര്യംകൂടി നിർബന്ധമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ മൊബൈൽഫോൺ ടവറുകൾ

67(T2055) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊബൈൽ ഫോൺ ടവറുകളുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽനിന്നും എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ ;

(ബി) പ്രസ്തുത പരാതികളിൽ തീർപ്പാകാതെ അവശേഷിക്കുന്നവ എത്രയെന്നറിയിക്കുമോ ;

(സി) പ്രസ്തുത പരാതികൾ തീർപ്പാക്കുന്നതിലുണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത ടവറുകളിൽനിന്നുണ്ടാകുന്ന റേഡിയേഷന്റെ തോത് കാലാകാലങ്ങളിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് നിലവിലുള്ള സർക്കാർ ഔദ്യോഗിക ആധികാരിക ഏജൻസികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഇ) ഇത്തരത്തിൽ മൊബൈൽ ടവറുകൾക്ക് വാർഷികാടിസ്ഥാനത്തിൽ റേഡിയേഷൻ പരിശോധന നടത്തിവരുന്നുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly